LIBRARY ARCHIVES Kerala Legislative Assembly

ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് ആനുകൂല്യങ്ങൾ

28 (1082) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ക്ലസ്റ്റർ കോ-ഓർഡിനേറ്റേഴ്സിനും ബാധകമാണോ എന്ന് വ്യക്തമാക്കാമോ ;

(ബി) വിദ്യാഭ്യാസ പാക്കേജിലൂടെ എസ്.എസ്.എ.-യുടെ ബി.ആർ.സി.-കളിൽ നിയമിക്കപ്പെട്ട ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് ഗവൺമെന്റ് ഉത്തരവുണ്ടായിട്ടും അവകാശങ്ങൾ പൂർണ്ണമായ തോതിൽ നിഷേധിക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 177/12/പൊ.വി.വ പ്രകാരം ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് അടിസ്ഥാന ശമ്പളത്തിന് മാത്രമേ അർഹതയുള്ളൂ.

(ബി) ഉണ്ട്.

(സി) പരിശോധിച്ചു വരുന്നു.

സർക്കാർ അംഗീകാരമില്ലാത്ത സ്കൂളുകൾ

29 (1083) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ സർക്കാർ അംഗീകാരമില്ലാത്ത എത്ര സ്കൂളുകളാണ് പ്രവർത്തിക്കുന്നത് ; ഇങ്ങനെ അംഗീകാരമില്ലാതെ എങ്ങനെയാണ് സ്കൂളുകൾക്ക് പ്രവർത്തിക്കാൻ കഴിയുന്നത് ; ഈ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഫീസ്, അധ്യാപകരുടെ യോഗ്യത, വേതനം എന്നിവ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് പരിശോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്ക് ഹാജരാകാൻ ഇളവ് അനുവദിക്കാറുണ്ടോ ?

ഉത്തരം

സർക്കാർ അംഗീകാരമില്ലാതെയും യാതൊരുവിധ മാനദണ്ഡങ്ങളും പാലിക്കാതെയും സംസ്ഥാനത്ത് വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വിദ്യാലയങ്ങളുടെ എണ്ണം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സംസ്ഥാനത്ത് നിയമപരമായി പ്രവർത്തിക്കുവാൻ കഴിയുന്നതല്ല. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. വിദ്യാലയങ്ങളുടെയും സംസ്ഥാന സിലബസ്സ് പിൻതുടരുന്ന വിദ്യാലയങ്ങളുടെയും അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരം ലഭ്യമാക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചു വരുന്നു.